നം വിടിവി 68/2025

ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്
വേളി ടൂറിസ്റ്റ് വില്ലേജ്
തിരുവനന്തപുരം
30/1/2026.

## പുനർ ടെൻഡർ നോട്ടീസ്

വിനോദ സഞ്ചാര വകുപ്പിന്റെ മേൽ നോട്ടത്തിലുള്ള വേളി ടൂറിസ്റ്റ് വില്ലേജിന് സമീപം വകുപ്പ് അക്വയർ ചെയ്ത സ്ഥലത്ത് നിൽക്കുന്ന താഴെ പരാമർശിക്കുന്ന ഫല വൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കുന്നതിന് താൽപര്യം ഉള്ളവരിൽ നിന്നും മത്സ രാടിസ്ഥാനത്തിൽ മുദ്ര വച്ച ടെൻഡറുകൾ ക്ഷണിച്ച് കൊള്ളുന്നു.
ആദായം എടുക്കുന്ന ഫലവൃക്ഷങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| നം | ഇനം | എണ്ണം |
|---|---|---|
| 1 | തെങ്ങ് | 136 |
| 2 | മാവ് | 6 |
| 3 | പ്ലാവ് | 1 |

ദർഘാസ് ഫോറവും കരാർ വ്യവസ്ഥകളും 472 രൂപയ്ക്ക് ( നികുതി ഉൾപ്പെടെ) വേളി ടൂറിസ്റ്റ് വില്ലേജ് ഓഫീസിൽ നിന്നും 11/02/2026 ഉച്ചയ്ക്ക് 12.30 മണി വരെ വാങ്ങാനാവു ന്നതാണ്. നിരതദ്രവ്യം ആയി 10,000/- രൂപ ( പതിനായിരം രൂപ മാത്രം) ഡയറക്ടർ, ടൂറിസം വകുപ്പ് എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പൂരിപ്പിച്ച് ദർഘാസുകൾ 11/02/2026 ന് ഉച്ചയ്ക്ക് 12.30 മണി വരെ സ്വീകരിക്കു ന്നതാണ്. അന്നേ ദിവസം 11/02/2026 ഉച്ചയ്ക്ക് 1 മണിക്ക് ഹാജരായിരിക്കുന്നവ രുടെസാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതായിരിക്കും. ടെൻഡർ സ്ഥിരപ്പെ ടുത്തി കിട്ടിയ വ്യക്തി/ഏജൻസി രണ്ട് ദിവസത്തിനകം മൊത്തം തുകയും ടൂറിസം ഡയറക്ടറേറ്റിൽ നേരിട്ട് അടച്ച് റ്റി ആർ5 രസീത് കൈപ്പറ്റേണ്ടതും 500 രൂപ മുദ്രപ്പത്ര ത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. അതിനുശേഷം ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുത്ത് തുടങ്ങാവുന്നതാണ്. ദർഘാസുകൾ കാരണം കാണിക്കാതെ നിരസി ക്കുന്നതിനുള്ള അധികാരം ടൂറിസം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. വിശദവിവര ങ്ങൾക്ക് 0471-2500785 എന്ന ഫോൺ നമ്പറിൽ വിളിക്കുകയോ **www.keralatourism.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്ന താണ്.

ഡെപ്യൂട്ടി ഡയറക്ടർ.
Maheswari S
വേളി ടൂറിസ്റ്റ് വില്ലേജ്.

DEPUTY DIRECTOR
DEPARTMENT OF TOURISM
TOURIST VILLAGE, VELI
THIRUVANANTHAPURAM

നോട്ടീസ് ബോർഡ്:-

പകർപ്പ്:

1) ഡയറക്ടർ, വിനോദസഞ്ചാരവകുപ്പ്, തിരുവനന്തപുരം.
2) ജോയിന്റ് ഡയറക്ടർ, വിനോദസഞ്ചാരവകുപ്പ്, തിരുവനന്തപുരം
3) ഡെപ്യൂട്ടി ഡയറക്ടർ,അക്കൗണ്ട്സ്, വിനോദസഞ്ചാരവകുപ്പ്, തിരുവനന്തപുരം
4) റിസർച്ച് ഓഫീസർ, വിനോദസഞ്ചാരവകുപ്പ്, തിരുവനന്തപുരം.
5) ഒ സി.